# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1683** — **08.06.2018 ൽ മറുപടിയ്ക്ക്**

## ചക്കയും ചക്കയുല്പന്നങ്ങളും ലോക വിപണിയിൽ എത്തിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

എ) ചക്കയെ സംസ്ഥാന ഫലമായി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ കേരള ജാക്ക് ഫ്രൂട്ട് എന്ന പേരിൽ ചക്കയും ചക്കയുല്പന്നങ്ങളും ലോക വിപണിയിൽ എത്തിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

എ) 2018 മാർച്ച് 21- ന് ചക്കയെ സംസ്ഥാന ഫലമായി പ്രഖ്യാപിച്ചു. ചക്കയും ചക്ക ഉല്പന്നങ്ങളും കേരള ജാക്ക് ഫ്രൂട്ട് എന്ന പേരിൽ വിപണിയിൽ എത്തിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തൃശ്ശൂർ ജില്ലയിലെ മാളയിൽ ജാക്ക് ഫാക്ടറി എന്ന പേരിൽ ചക്ക സംസ്കരണ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. 'ജാക്ക' എന്ന പേരിൽ ചക്കയിൽ നിന്ന് ചക്ക പൾപ്പ്, ചക്ക സിറപ്പ്, ചക്കക്കുരുപൊടി, വാക്വം ഡ്രൈഡ് ചക്ക തുടങ്ങി പത്തോളം മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിൽ ഇറക്കിയിട്ടുണ്ട്. ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതിയായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി "പ്ലാവ് കൃഷിയുടെ വിസ്തൃതി വ്യാപനത്തിനും" ചക്കയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിന് സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി ഘടകം | സബ്സിഡി നിരക്ക് | ആകെ തുക (ലക്ഷം രൂപ) | അനുവദനീയമായ സാമ്പത്തിക സഹായം (ലക്ഷം രൂപ) |
|---|---|---|---|
| വിളവിസ്തൃതി വ്യാപനം | 50% | 0.6 | 0.3 |

| | | | |
|---|---|---|---|
| പ്രൈമറി പ്രോസസ്സിംഗ് യൂണിറ്റ് (പ്രോജക്ട് അടിസ്ഥാനത്തിൽ) | | | |
| ജനറൽ ഏരിയ | 40% | 25 | 10 |
| ഹില്ലി ഏരിയ | 55% | 25 | 13.75 |
| സംഭരണം, തരം തിരിക്കൽ/ ഗ്രേഡിംഗ്, പായ്ക്കിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് യൂണിറ്റ് (പ്രോജക്ട് അടിസ്ഥാനത്തിൽ) | | | |
| ജനറൽ ഏരിയ | 40% | 15 | 6 |
| ഹില്ലി ഏരിയ | 55% | 15 | 8.25 |

| | |
|---|---|
| ബി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ; വിശദമാക്കുമോ? | ബി) മൂല്യവർദ്ധിത ഉല്പന്നങ്ങൾ ലോകവിപണിയിൽ എത്തിക്കുന്നതിന്റെ മുന്നോടിയായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞർ, സംരംഭകർ, കർഷകർ , വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന കൃഷി വകുപ്പ്, ഹോർട്ടിക്കൾച്ചർ മിഷൻ, കാർഷിക സർവ്വകലാശാല എന്നിവയുടെ ആഭിമുഖ്യത്തിൽ വൈഗ 2016, വൈഗ 2017, ജാക്ക് ഫെസ്റ്റ് 2017 എന്നീ അന്താരാഷ്ട്ര മേളകളും, 2018 സംസ്ഥാന ചക്കമഹോത്സവവും സംഘടിപ്പിച്ചു ചക്ക മഹോത്സവത്തോടനുബന്ധിച്ച് സെമിനാറുകൾ സംഘടിപ്പിക്കുകയും, ചക്കയുടെ വിവിധ ഇനങ്ങൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ, മേൽത്തരം നടീൽ വസ്തുക്കൾ എന്നിവയുടെ പ്രവർത്തന വിപണന സ്റ്റാളുകളും സജ്ജമാക്കുകയും ചെയ്തു. ചക്കയിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനും, പുതിയ സംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും ലോക വിപണിയിൽ കേരളത്തിന്റെ ചക്കയുല്പന്നങ്ങൾ എത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**